**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5187** **02-11-2021 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും സാലറി ചലഞ്ചിലൂടെ പിടിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാലറി ചലഞ്ചിലൂടെ സി-ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എത്ര ദിവസത്തെ ശമ്പളം ഓരോ ജീവനക്കാരിൽ നിന്നും പിടിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ സാലറി ചലഞ്ചിലൂടെ സി-ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള 5 മാസങ്ങളിലായി ഓരോ മാസവും 6 ദിവസത്തെ ശമ്പളം വീതം പിടിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാർ നൽകിയ മുഴുവൻ തുകയും ട്രഷറിയിൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കി തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സി-ആപ്റ്റ് ജീവനക്കാർ സാലറി ചലഞ്ചിലൂടെ നൽകിയ 2020 ഏപ്രിൽ, മേയ് മാസങ്ങളിലെ രണ്ട് ഗഡു തുകയായ 72,62,082/- രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ട്. ട്രഷറിയിൽ അടച്ച ടി രണ്ടു ഗഡു തുക കൂടാതെ 2020 ജൂൺ മാസത്തെ ഒരു ഗഡു തുകയായ 37,27,594/- രൂപ കൂടി ജീവനക്കാർക്ക് തിരികെ നൽകിയിട്ടുണ്ട്. കോവിഡ് 19-മായി ബന്ധപ്പെട്ട് അച്ചടി ജോലികൾ കാര്യമായി ലഭിക്കാത്തതിനാലും സ്ഥാപനത്തിന്റെ വരുമാനം കുറവായതിനാലും ബാക്കി തുക പ്രത്യേകമായി നിക്ഷേപിക്കാൻ സാധിച്ചില്ല. |
| (സി) | പ്രസ്തുത തുക എന്ന് തിരികെ നൽകുമെന്ന് വ്യക്തമാക്കാമോ? | (സി) | സി-ആപ്റ്റിന്റെ മുഖ്യവരുമാന സ്രോതസ്സ് ലോട്ടറി ടിക്കറ്റ് അച്ചടി ജോലിയാണ്. എന്നാൽ, കോവിഡ് മഹാമാരിയെ തുടർന്ന് അച്ചടിക്കേണ്ട ലോട്ടറി ടിക്കറ്റിന്റെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതിനാലും മറ്റ് അച്ചടി ജോലികൾ കുറവായതിനാലും സെന്ററിന്റെ വരുമാനത്തെ സാരമായി ബാധിച്ചു. ലോട്ടറി ടിക്കറ്റിന്റെ അച്ചടി പൂർണ്ണതോതിൽ പുനരാരംഭിച്ച് വരുമാനത്തിൽ വർദ്ധനവുണ്ടാകുന്ന മുറയ്ക്ക് ജീവനക്കാർക്ക് നൽകാനുള്ള 12 ദിവസത്തെ ശമ്പളം തിരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ